**SUNDAY** 15/09/2024 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/09/2024

1. ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കാർഷിക വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുക എന്നതാണ് ജൈവകാർഷിക മിഷൻ ലക്ഷ്യമിടുന്നത്. കർഷകർക്ക് അവർക്ക് അനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാല യുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773. കേരള കാർഷിക സർവകലാശാലയുടെ പബ്ലിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോം ആമസോൺ വഴിയും ലഭ്യമാണ്. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ ഏതുതരം പഴം പച്ചക്കറിയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

3. ചെറുകിട കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണിക്കായുള്ള സർവ്വീസ് ക്യാമ്പ് 1000 രൂപ വരെയുള്ള യന്ത്ര ഭാഗങ്ങൾ സൗജന്യം പണിക്കൂലി പരമാവധി 500 രൂപ വരെ സബ്സിഡി 2024 സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി കൃഷി ഭവനുമായോ വയനാട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ 9383471924 ,9383471925 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപെടുക.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. കോഴിക്കോട് ജില്ലയിലെ കൃഷി ഭവനുകളിലേക്ക് 6 മാസത്തേക്ക് ഇൻറേൺഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു (മാസം 5000/- രൂപ വീതം). വി.എച്ച്. എസ് .സി (അഗ്രി) പൂർത്തിയാക്കിയവർക്കും. അഗ്രിക്കൾച്ചർ ഓർഗാനിക് ഫാർമിംഗിൽ ഡിപ്ലോമ പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. അപേക്ഷകർ 1/8/2024 ന് 18-41 പ്രായപരിധിയിൽ ഉള്ളവരായിരിക്കണം. 6/9/2024 മുതൽ 13/9/2024 www.keralaagriinterns.gov.in എന്ന പോർട്ടലിലൂടേയോ, കൃഷി ഭവൻ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്/പ്രിൻസിപ്പൽ കൃഷി ഓഫീസ് എന്നിവിടങ്ങളിലേക്ക് ഓൺലൈൻ/ഓഫ്ലൈൻ ആയോ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വിവരങ്ങൾക്ക് കൃഷി ഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്

5. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50 ടൺ ഉണങ്ങിയ വൈക്കോൽ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി 24.09.2024 ന് പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. കേരള വെറ്ററിനറി ആന്റ് അനിമൽസയൻസസ് സർവ്വകലാശാലയുടെ 2023-24 വർഷത്തെ വിവിധ പിജി സർട്ടിഫിക്കറ്റ്/ഡിപ്ലോമ വിദൂരവിദ്യാഭ്യാസ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. വെറ്ററിനറി ഹോമിയോപ്പതി, ഫാം ജേർണലിസം, പൗൾട്രി എന്റർപ്രണർഷിപ്പ്, എത്ത്നോഫാർമക്കോളജി, പെറ്റ്ഫീഡ്മാനുഫാക്ചറിങ് ടെക്നോളജി, ടോക്സിക്കോളജിക് പാത്തോളജി, ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി അഷ്വറൻസ്, ഡെയറി എന്റർപ്രണർഷിപ്പ്, അനിമൽ ഫോറൻസിക്സ്, പെറ്റ് ഗ്രൂമിങ് ഹെൽത്ത് ആന്റ് വെൽഫെയർ

തുടങ്ങിപിജി,പിജിഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കാണ് അപേക്ഷക്ഷണിച്ചിരിക്കുന്നത്. യോഗ്യത സംബന്ധിച്ച കൂടുതൽവിവരങ്ങൾക്കും പ്രോസ്പെക്ടസിനും സർവ്വകലാശാലയുടെ വെബ്സൈറ്റായ www.kvasu.ac.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയ്യതി സെപ്റ്റംബർ 25. ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പായി പ്രോസ്പെക്ടസ് കൃത്യമായി വായിച്ചു മനസ്സിലാക്കേണ്ടതാണ്. അപേക്ഷിക്കുന്നവർ വെബ്സൈറ്റ് സ്ഥിരമായി നോക്കി വിവരങ്ങൾ അറിയണം, അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

**പരിശീലന പരിപാടി**

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 19.09.2024 മുതൽ Microirrigation എന്ന വിഷയത്തിൽ 5 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം